DISPATCHED
On..22/06/2020.

23/04/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1129(6)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.4614/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. ശിവരാജൻ എ.ആർ.,
ഡയറക്ടർ,
അശ്വനി ഹോസ്പിറ്റൽ ലിമിറ്റഡ്,
കരുണാകരൻ നമ്പ്യാർ റോഡ്,
തൃശ്ശൂർ – 680 020. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   പോലീസ് സബ് ഇൻസ്പെക്ടർ,
   ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ,
   തൃശ്ശൂർ.

2. അപ്പീൽ അധികാരി &
   പോലീസ് സർക്കിൾ ഇൻസ്പെക്ടർ,
   പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ ആഫീസ്,
   ടൗൺ ഈസ്റ്റ് സർക്കിൾ, തൃശ്ശൂർ സിറ്റി. } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 01/02/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 05/02/2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 09/02/2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 16/02/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 11/04/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 15/04/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 28/04/2016, 26/2/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 04/03/2020 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ശിവരാജൻ എ.ആർ., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, 2015 ജൂൺ 15-ാം തീയതി പുനർജനി സെക്യൂരിറ്റീസിന്റെ (അശ്വനി ആശുപത്രി വാങ്ങിക്കുന്നതിനു വേണ്ടി പണം സമാഹരണം നടത്തിയ 2012-ൽ രൂപീകരിക്കപ്പെട്ട കമ്പനി) തെരഞ്ഞെടുപ്പിൽ വ്യാജ പ്രോക്സി ഉപയോഗിച്ചതിനെതിരെ കേസ് കൊടുത്തിരിക്കുന്ന വ്യക്തിയാണ് ടിയാനെന്നും ഇതുവരെയായിട്ടും 50-ൽപ്പരം പ്രതികൾ ഉണ്ടെങ്കിലും ആരെയും പിടി കൂടുവാൻ

പോലീസിന് കഴിഞ്ഞിട്ടില്ല എന്നും ആയതിനാലാണ് ടിയാൻ വിവരങ്ങൾ തേടിയതെന്നും മറ്റുമാണ്

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. തൃശ്ശൂർ ടൗണിലെ അശ്വനി ഹോസ്പിറ്റലിനെതിരെ മുൻഭരണ സമിതി ഡയറക്ടറുടെ നേതൃത്വത്തിൽ 29.7.2015 തീയതി ആശുപത്രി ആക്രമിച്ചതിനെതിരെയും വ്യാജ പ്രോക്സി ഉപയോഗിച്ച് തെരഞ്ഞെടുപ്പിൽ കള്ളത്തരം നടത്തിയതിനെതിരെയും ഉള്ള കേസുകളിലെ പ്രതികളെ എന്തുകൊണ്ട് അറസ്റ്റ് ചെയ്യാൻ പറ്റുന്നില്ല എന്നും

ii. പിടിക്കപ്പെടാൻ പറ്റാത്ത പ്രതികളുടെ പേരിൽ എന്തു കൊണ്ട് ലുക്ക്ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചില്ല എന്നും

iii. പോലീസിന്റെ സാന്നിദ്ധ്യത്തിൽ ആശുപത്രി ഡയറക്ടറേറ്റ്സിന്റെ ഓഫീസ് പൊളിച്ച് രേഖകളും വിലപിടിപ്പുള്ള വസ്തുക്കളും കൊണ്ടു പോയത് സംബന്ധിച്ച് (എ) ആശുപത്രിയിൽ നിന്ന് അക്രമിച്ച് കൊണ്ടു പോയ എന്തെങ്കിലും കണ്ടെടുത്തോ എന്നും (ബി) എന്തുകൊണ്ട് കണ്ടെടുത്തില്ല എന്നും (സി) എവിടെയെല്ലാം അന്വേഷണം നടത്തി എന്നും (ഡി) ഏതെല്ലാം പ്രതികളെ ചോദ്യം ചെയ്തു എന്നും (എ) എന്തു പുരോഗതി ഉണ്ടായി എന്നും മറ്റുമായി 7 ഇനങ്ങളിലും ഉപയിനങ്ങളിലുമായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ 1 മുതൽ 6 വരെയുള്ള ഇനങ്ങളിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ തൃശ്ശൂർ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം 1892/15, 1840/15 എന്നീ കേസുകൾ സംബന്ധിച്ചാണെന്നും മേൽപ്പടി കേസുകൾ അന്വേഷണാവസ്ഥയിലായതിനാൽ വിവരാവകാശ നിയമത്തിലെ 8(എച്ച്) പ്രകാരം ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ നിർവ്വാഹമില്ല എന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷി നൽകിയില്ല എന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ബന്ധപ്പെട്ട കേസുകൾ അന്വേഷണാവസ്ഥയിലാകയാൽ കേസ് അന്വേഷണത്തെയോ കുറ്റവാളികളുടെ അറസ്റ്റിനേയോ തടസ്സപ്പെടുത്തുന്ന വിവരങ്ങൾ വെളിപ്പെടുത്തേണ്ടതില്ല എന്നും ആയതിനാൽ ഒന്നാം എതിർകക്ഷി നൽകിയിട്ടുള്ള മറുപടി നിയമാനുസൃതമാണെന്നും മറ്റുമാണ്.

3. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ബഹു. കേരള ഹൈക്കോടതിയിൽ നൽകിയ WP(C)No. 38440/2015 വിധിപ്രകാരം 21.7.2016 തീയതി മേൽപ്പടി കേസ്സിന്റെ അന്വേഷണം സി.ബി.സി.ഐ.ഡിക്ക് കൈമാറിയിട്ടുള്ളതാണെന്നും മേൽപ്പടി കേസ് നിലവിൽ അന്വേഷണാവസ്ഥയിലാണെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത് എന്നും തൃശ്ശൂർ അശ്വനി ആശുപത്രിയിലെ മാനേജ്മെന്റ് തർക്കങ്ങളെ തുടർന്ന് 29.7.2015 തീയതി ശ്രീ. അച്ച്യുതൻകുട്ടിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ ക്രൈം 1892/15

ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നു എന്നും ആയതിന്റെ അന്വേഷണം ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം തൃശ്ശൂർ വെസ്റ്റ് സർക്കിൾ ഇൻസ്പെക്ടർക്ക് കൈമാറിയിരുന്നു എന്നും ബഹു. കേരള ഹൈക്കോടതിയിൽ ഡോ. വേലായുധൻ നൽകിയ അപേക്ഷയിന്മേൽ മേൽപ്പടി കേസ്സിന്റെ എഫ്.ഐ.ആർ.ഉം അനുബന്ധ രേഖകളും ക്വാഷ് ചെയ്ത് ഉത്തരവുണ്ടായിട്ടുള്ളതാണെന്നും ആയതുപ്രകാരം കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ച പ്രകാരം ആയത് ആർ.സി. 100/19 ആയി സ്വീകരിച്ചിട്ടുള്ളതാണെന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2, 3(ബി), 4(ബി) എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ടിരുന്നത് വിവരാവകാശ നിയമത്തിലെ 2(എഫ്) പ്രകാരമുള്ള 'വിവരം' എന്നതിന്റെ പരിധിയിൽ വരുന്നതല്ല എന്നു കമ്മീഷൻ വിലയിരുത്തുന്നു. മേൽപ്പടി ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി ഓഫീസിലെ ഏതെങ്കിലും ഫയലിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടുള്ള വിവരമല്ല. മറ്റിനങ്ങൾ സംബന്ധിച്ച് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമത്തിലെ 8(എച്ച്) പ്രകാരം നൽകാൻ നിർവ്വാഹമില്ല എന്നാണ് എതിർകക്ഷി ഹർജിക്കാരനെ അറിയിച്ചത്. മേൽപ്പടി വകുപ്പ് തെറ്റായ രീതിയിലാണ് എതിർകക്ഷികൾ രേഖപ്പെടുത്തിയിട്ടുള്ളത് എന്നു കാണുന്നു. ശരിയായ വകുപ്പ് 8(1) (എച്ച്) ആണെന്ന് കമ്മീഷൻ എതിർകക്ഷികളുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നു. അപ്രകാരം തന്നെ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷികൾ നിരസിച്ചിട്ടുള്ളത് യാന്ത്രികമായാണെന്ന് കാണുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളുടെ വെളിപ്പെടുത്തൽ എപ്രകാരം അല്ലെങ്കിൽ ഏതു സാഹചര്യത്തിൽ മേൽപ്പടി കേസ്സുകളുടെ അന്വേഷണത്തെയോ പ്രതികളുടെ അറസ്റ്റിനെയോ പ്രതികൂലമായി ബാധിക്കുമായിരുന്നു എന്നു എതിർകക്ഷികൾ വ്യക്തമാക്കിയിരുന്നില്ല. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നിരസിച്ചിരുന്ന അവസരത്തിൽ അപ്രകാരമുള്ള ന്യായീകരണം നിർബന്ധമായും നൽകേണ്ടതായിരുന്നു. എന്നാൽ ആയത് ബോധപൂർവ്വം സംഭവിച്ച വീഴ്ചയല്ല എന്നു കമ്മീഷന് ബോധ്യമാകുന്നതിനാൽ ഇക്കാര്യത്തിൽ മറ്റു ശിക്ഷാനടപടികൾ കമ്മീഷൻ സ്വീകരിക്കുന്നില്ല.

5. പരാമർശിത കേസുകൾ ബഹു. ഹൈക്കോടതി ഉത്തരവുപ്രകാരം സി.ബി.സി.ഐ.ഡി.യിലേക്ക് കൈമാറിയിട്ടുള്ള സാഹചര്യത്തിൽ, ഈ അപ്പീൽ ഹർജിയിൽ മറ്റ് നിർദ്ദേശങ്ങൾ എതിർകക്ഷികൾക്ക് നൽകുന്നതിൽ അർത്ഥമില്ല.

6. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഏപ്രിൽ 23-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൽസൺ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)